STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.564/PR/SPMC/PHQ/2021 Date :16.12.2021

## സംഘടിത കുറ്റകൃത്യങ്ങളും ഗുണ്ടാപ്രവർത്തനവും അവസാനിപ്പിക്കാൻ ജില്ലാ അടിസ്ഥാനത്തിലും പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിലും പ്രത്യേകസംവിധാനം

സംസ്ഥാനത്ത് സംഘടിത കുറ്റകൃത്യങ്ങളും ഗുണ്ടാപ്രവർത്തനങ്ങളും തടയുന്നതിന് പ്രത്യേകസംവിധാനങ്ങൾ രൂപീകരിക്കാൻ നിർദ്ദേശിച്ച് സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് സർക്കുലർ പുറപ്പെടുവിച്ചു. തുടർച്ചയായ നിരീക്ഷണത്തിലൂടെ സംഘടിതകുറ്റകൃത്യ ങ്ങളും ഗുണ്ടാപ്രവർത്തനങ്ങളും നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ടാണ് പുതിയ സംവിധാനം.

സംഘടിതകുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനായി ജില്ലാതലത്തിൽ നർക്കോട്ടിക് സെൽ. ഡിവൈ.എസ്.പിയുടെ നേതൃത്വത്തിൽ രണ്ട് സബ് ഇൻസ്പെക്ടർമാരും കുറഞ്ഞത് 10 പോലീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്പെഷ്യൽ ആക്ഷൻ ഗ്രൂപ്പിന് രൂപം നൽകും. കുറ്റാന്വേ ഷണമേഖലയിലും കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരശേഖരണത്തിലും അനുഭവസമ്പത്തുള്ള ഉദ്യോഗസ്ഥരായിരിക്കും സംഘത്തിൽ ഉണ്ടാവുക. ജില്ലാ പോലീസ് മേധാവിമാരുടെ നിയന്ത്രണത്തിലുള്ള സംഘം ഗുണ്ടകളേയും സാമൂഹ്യവിരുദ്ധരേയും മയക്കുമരുന്ന്, സ്വർണ്ണം, ഹവാല എന്നിവ കടത്തുന്നവരെയും കണ്ടെത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കും. ക്രിമിനലുകളുടെ വരുമാനസ്രോതസ്സും സമ്പത്തും അന്വേഷിക്കും. ജാമ്യവ്യവസ്ഥകൾ ലംഘിക്കുന്ന ക്രിമിനലുകളുടെ ജാമ്യം റദ്ദാക്കുന്നതിന് ആവശ്യമായ നടപടിയെടുക്കും. സാമൂഹികമാധ്യമങ്ങളിലെ വിവരങ്ങൾ വിശകലനം ചെയ്തു സംഘടിത കുറ്റകൃത്യങ്ങളും അവയ്ക്ക് പിന്നിൽ പ്രവർത്തിച്ചവരെയും കണ്ടെത്താൻ ശ്രമിക്കും. ജില്ലാ പോലീസ് മേധാവിമാർ എല്ലാ ആഴ്ചയിലും റെയ്ഞ്ച് ഡിഐജി മാർ രണ്ടാഴ്ചയിൽ ഒരിക്കലും സംഘത്തിന്റെ പ്രവർത്തനം വിലയിരുത്തും.

സംസ്ഥാനത്തെ ഓരോ പോലീസ് സ്റ്റേഷനും കേന്ദ്രീകരിച്ച് ആൻറി ഓർഗനൈസ്ഡ് ക്രൈം സെല്ലുകൾക്ക് രൂപംനൽകും. കുറഞ്ഞത് ഒരു എസ്.ഐയും രണ്ട് പോലീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സംഘമാണ് സെല്ലിലുണ്ടാവുക. സംഘടിത കുറ്റകൃത്യങ്ങളും

ഗുണ്ടാ പ്രവർത്തനങ്ങളും തടയുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന സ്പെഷ്യൽ ആക്ഷൻ ഗ്രൂപ്പ് നിർവഹിക്കുന്ന ചുമതലകൾ തന്നെയാണ് പോലീസ് സ്റ്റേഷൻ തലത്തിൽ ഈ സെല്ലും ചെയ്യുക. സെല്ലിന്റെ നിരീക്ഷണവും ചുമതലയും സ്റ്റേഷൻ ഹൗസ് ഓഫീസർക്കായിരിക്കും.

സബ് ഡിവിഷണൽ ഓഫീസർമാർ ആഴ്ചയിൽ രണ്ട് തവണയും ജില്ലാ പോലീസ് മേധാവിമാർ രണ്ടാഴ്ച്ചയിൽ ഒരിക്കലും സെല്ലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താനും സർക്കുലർ നിർദ്ദേശിക്കുന്നുണ്ട്.

***********************************